**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **12-12-2022 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; | (എ) | പെരിങ്ങോം അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി ചുറ്റുമതിലിന്റെ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയത്. നിലയത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ചിട്ടില്ല. അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് വകുപ്പ് തലത്തിൽ പരിശോധിച്ചു വരികയാണ്. സർക്കാരിൽ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (ബി) | (A) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ